**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6575** **04.04.2018-ൽ മറുപടിയ്ക്ക്**

## പി.ഡബ്ള്യു.ഡി. റോഡുകളുടെ സുരക്ഷിതത്വം

**ചോദ്യം**

**ശ്രീ.എം. രാജഗോപാലൻ**

ജലപദ്ധതികൾക്കുള്ള പൈപ്പ് ലൈൻ, കേബിൾ ലൈൻ എന്നിവ അശാസ്ത്രീയമായ രീതിയിൽ റോഡിന് കുറുകെ മുറിച്ച് തയ്യാറാക്കുന്നത് മൂലം പലയിടത്തും പി.ഡബ്ള്യു.ഡി. റോഡുകൾ തകർച്ചയിലായ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള നടപടികൾ അവസാനിപ്പിച്ച് റോഡ് സുരക്ഷിതത്വം ഉറപ്പ് വരുത്താൻ നടപടികൾ ഉണ്ടാകുമോ എന്നറിയിക്കാമോ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

ജലപദ്ധതികളുള്ള പൈപ്പ് ലൈൻ, കേബിൾ ലൈൻ എന്നിവ അശാസ്ത്രീയമായ രീതിയിൽ റോഡിന് കുറുകെ മുറിച്ച് ഇടുന്നതുകാരണം പലയിടത്തും റോഡുകൾ തകർച്ചയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ റോഡു കുറുകെ മുറിയ്ക്കുന്നത് അവസാനിപ്പിക്കണമെങ്കിൽ സ്ഥിരമായ ഡക്റ്റ് നിർമ്മിക്കേണ്ടതുണ്ട്. ഇതിനായി പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ ഡക്റ്റുകൾ നിർമ്മിച്ച് വരുന്നു. റോഡ് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുവേണ്ടി പൊതുമരാമത്ത് റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് G.O(Rt) No. 30/2018/PWD dated 05/01/2018 പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

മുൻകൂട്ടി പൊതുമരാമത്ത് വകുപ്പിനെ അറിയിക്കാതെയും, പൊതുമരാമത്തു വകുപ്പ് എഞ്ചിനീയർമാരുടെ സാന്നിദ്ധ്യത്തിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി പ്രോജക്ട് പ്ലാൻ ചെയ്യാത്തതുമാണ് പല പദ്ധതികൾക്കും വേണ്ടി റോഡ് കുഴിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്. ആയതിനാൽ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവുടെ പ്രവർത്തികൾക്കായി റോഡ് കുഴിക്കേണ്ടി വരുന്ന അവസരങ്ങളിൽ പ്രസ്തുത വിവരം ആറു മാസം മുൻപെങ്കിലും പൊതുമരാമത്ത് വകുപ്പിനെ അറിയിക്കേണ്ടതാണ്.

റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച് ലെസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതിക വിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

വീതി കുറഞ്ഞ റോഡുകളിൽ ടാർ കട്ടിംഗ് ആവശ്യമായി വരുമ്പോൾ മറ്റു റൂട്ടുകൾ തിരഞ്ഞെടുക്കാൻ ശ്രമിക്കേണ്ടതും, സ്വകാര്യ വ്യക്തികളുടെ സ്ഥലത്തുകൂടി പൈപ്പുകൾ ഇടുന്നതിനുള്ള സാദ്ധ്യത ആരായേണ്ടതാണ്. ഇപ്രകാരം രണ്ടു വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തികൾ നടത്തുകയാണെങ്കിൽ പ്രസ്തുത പ്രശ്നത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

ദേശീയപാതാ വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH - 33044/29/2015/S&R(R) തീയതി 22/11/2016 ലെ നിർദ്ദേശങ്ങൾക്ക് വിധേയമാ യിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൽ പ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും, പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചിലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ട താണ്. നിലവിലുള്ള ദേശീയപാതകൾ നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി സ്പേസ്/യൂട്ടിലിറ്റി ഡക്റ്റ് എന്നിവ ഉൾപ്പെടുത്താറുണ്ട്.

സെക്ഷൻ ഓഫീസർ